## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3075 — 10/05/2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ മാലിന്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള മാലിന്യം അപകടരഹിതമായി സംസ്കരിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ എന്തു സംവിധാനമാണ് ഉള്ളത്; | എ) യും ബി) യും | എല്ലാ സ്വകാര്യ ആശുപത്രികളും കേന്ദ്ര സർക്കാരിന്റെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതിക്കായി അപേക്ഷിക്കേണ്ടതുണ്ട്.<br>സ്വകാര്യ ആശുപത്രികൾ സ്വന്തമായി ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ശാസ്ത്രീയമായ സംവിധാനം ഒരുക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തെ പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനം വഴി നിർമ്മാർജ്ജനം ചെയ്യുകയോ വേണം. ഇത് ഉറപ്പാക്കിയശേഷമാണ് ബോർഡിന്റെ അനുമതി നൽകുന്നത്. |
| ബി) | ഇത്തരം മാലിന്യങ്ങൾ അപകടരഹിതമായി സംസ്കരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ